LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി അദ്ധ്യാപകർക്ക് സീനിയർ ഗ്രേഡ്

21(2487) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചു വർഷം സർവ്വീസ് പൂർത്തിയാക്കുന്ന സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് സീനിയർ ഗ്രേഡ് അനുവദിക്കാറുണ്ടോ ;

(ബി) ഈ വിധത്തിൽ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും സീനിയർ ഗ്രേഡ് അനുവദിക്കാറുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് മേഖലയിലെ അദ്ധ്യാപർക്കും സർക്കാർ മേഖലയിലെ പോലെ സീനിയർഗ്രേഡ് അനുവദിച്ചു നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) നിലവിൽ എട്ടു വർഷം സേവനം പൂർത്തിയാക്കുന്ന അദ്ധ്യാപകർക്കാണ് ഗ്രേഡ് അനുവദിക്കുന്നത്. എയ്ഡഡ്/സർക്കാർ മേഖലകളിൽ സമാന മാനദണ്ഡ പ്രകാരമാണ് ഗ്രേഡ് അനുവദിക്കുന്നത്.

ഹയർ സെക്കന്ററി പാഠപുസ്തകപരിഷ്കരണം

22 (2488) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;